# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

## ടി.എച്ച്.എസ്.എൽ.സി പരീക്ഷ

## മാർച്ച് 2026

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12

ഇ.എക്സ്/സി.ജി.എൽ(3)/45000/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം.
തീയതി : 29/10/2025

# വിജ്ഞാപനം

വിഷയം: പൊതുവിദ്യാഭ്യാസം-പരീക്ഷാ ഭവൻ - ടി.എച്ച്.എസ്.എൽ.സി പരീക്ഷ മാർച്ച് 2026 - സംബന്ധിച്ച്.

സൂചന:
1. ജി.ഒ (പി) 53/2004 പൊ.വി.വ തീയതി 04-02-2004
2. ജി.ഒ.(ആർ.ടി) 4610/2012 പൊ.വി.വ തീയതി 28-09-2012
3. ജി.ഒ (ആർ.ടി) 3936/2013 പൊ.വി.വ തീയതി 28-09-2013
4. ജി.ഒ (ആർ.ടി) 1889/2012 പൊ.വി.വ തീയതി 10-09-2012
5. ജി.ഒ (ആർ.ടി) 323/2014 പൊ.വി.വ തീയതി 18-02-2014
6. ജി.ഒ (ആർ.ടി) 2060/2017 ഉ.വി.വ തീയതി 15-11-2017.
7. സ.ഉ(സാധാ)നം. 4932/2024/GEDN. തീയതി.08-08-2024.
8. സ.ഉ(സാധാ)നം. 368/2025/HEDN. തീയതി.22.03.2025.

------

2025-26 അധ്യയന വർഷത്തെ ടി.എച്ച്.എസ്.എൽ.സി പരീക്ഷ **05/03/2026 വ്യാഴാഴ്ച** ആരംഭിച്ച് **30/03/2026 തിങ്കളാഴ്ച** അവസാനിക്കുന്നതാണ്. പരീക്ഷയുടെ സമയവിവര പട്ടിക ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ.ഉ (സാധാ) നം. 368/2025/HEDN, തീയതി 22/03/2025 പ്രകാരം സർക്കാർ മേഖലയിലുള്ള ടെക്നിക്കൽ സ്കൂളുകളിലെ പാഠ്യക്രമം പരിഷ്ക്കരിച്ച് പുന:ക്രമീകരിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരം ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജി.ഒ (ആർ.ടി) 2060/2017/ഉ.വി.വ. തീയതി 15/11/2017 പ്രകാരം ഐ.എച്ച്.ആർ.ഡി. യുടെ അധീനതയിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിലെ ടെക്നിക്കൽ വിഷയങ്ങളുടെ പാഠ്യക്രമം പരിഷ്ക്കരിച്ച് പുന:ക്രമീകരിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരം ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജി.ഒ.(ആർ.ടി) നമ്പർ 4610/2012/പൊ.വി.വ തീയതി 28-09-2012 പ്രകാരം ഐ.റ്റി പരീക്ഷയുടെ മാർക്ക് (സ്കോർ) റഗുലർ വിദ്യാർത്ഥികൾക്ക് പരമാവധി 50 എന്ന് നിജപ്പെടുത്തിയിരിക്കുന്നു. അതിൽ 40 മാർക്ക് പൊതു പരീക്ഷയ്ക്കും 10 മാർക്ക് നിരന്തര മൂല്യനിർണ്ണയത്തിനുമായി ക്രമീകരിച്ചിരിക്കുന്നു. 40 മാർക്കിന്റെ പൊതുപരീക്ഷയിൽ 10 മാർക്ക് തിയറി പരീക്ഷയ്ക്കും 30 മാർക്ക് പ്രാക്ടിക്കൽ പരീക്ഷയ്ക്കുമാണ്. റഗുലർ വിദ്യാർത്ഥികൾക്ക് ഐ.റ്റി തിയറി പരീക്ഷ എഴുത്തു പരീക്ഷയിൽ നിന്നു മാറ്റി പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം കമ്പ്യൂട്ടറിലാണ് നടത്തപ്പെടുന്നത്. ജി.ഒ (ആർ.ടി) 3936/2013/പൊ.വി.വ തീയതി 28/09/2013 പ്രകാരം ഐ.റ്റി പരീക്ഷയുടെ സമയം 1 മണിക്കൂർ മാത്രമാണ്.

## 1. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

***ടി.എച്ച്.എസ്.എൽ.സി (റെഗു:)***

1. 10 പേപ്പറുകൾ ഉൾപ്പെട്ട എഴുത്തുപരീക്ഷയും ഐ.റ്റി. പരീക്ഷയും.
2. ഇംഗ്ലീഷ്, ഗണിതശാസ്ത്രം, സോഷ്യൽ സയൻസ്, എഞ്ചിനിയറിംഗ് ഡ്രോയിംഗ് – III എന്നീ വിഷയങ്ങളുടെ എഴുത്തുപരീക്ഷയുടെയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 80:20 എന്ന അനുപാതത്തിലായിരിക്കും.
3. ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ തുടർമൂല്യനിർണ്ണയം, തിയറി പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയുടെ സ്കോർ 10:10:30 എന്ന അനുപാതത്തിലായിരിക്കും.
4. മലയാളം, ഊർജ്ജതന്ത്രം, രസതന്ത്രം, ജനറൽ എഞ്ചിനിയറിംഗ്, ട്രേഡ് തീയറി എന്നീ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 40:10 എന്ന അനുപാതത്തിലായിരിക്കും.
5. 80 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 40 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1½ മണിക്കൂറുമാണ് പരീക്ഷാസമയം.
6. റഗുലർ വിദ്യാർത്ഥികൾക്കും പ്രൈവറ്റ് വിദ്യാർത്ഥികൾക്കും ഐ.ടി പ്രാക്ടിക്കൽ പരീക്ഷയുടെയും, തിയറി പരീക്ഷയുടെയും (റ്റി.ഇ) സമയം 1 മണിക്കൂറായിരിക്കും.
7. സ്കൂൾ ലീവിംങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. ഗ്രേഡിംഗ് 9 പോയിന്റ് സ്കെയിലിൽ ആണ് നടപ്പിലാക്കുന്നത്.
8. ***സൂചന (8) പ്രകാരം പത്താംക്ലാസ്സിലെ ടെക്നിക്കൽ വിഷയങ്ങളുടെ സിലബസ് പരിഷ്ക്കരിച്ചിട്ടുണ്ട്. നിലവിൽ 14 ട്രേഡുകൾക്കാണ് പരീക്ഷ നടത്തുന്നത്.***

**കുറിപ്പ്**

വർക്ക്ഷോപ്പ് പ്രാക്ടീസിന്റെ പ്രായോഗിക പരീക്ഷയ്ക്ക് 50% മാർക്ക് നേടിയാൽ മാത്രമേ പരീക്ഷ വിജയിച്ചതായി കണക്കാക്കുകയുള്ളൂ.

***ടി.എച്ച്.എസ്.എൽ.സി (ഐ.എച്ച്.ആർ.ഡി)***

1. 10 പേപ്പറുകൾ ഉൾപ്പെട്ട എഴുത്തുപരീക്ഷയും ഐ.റ്റി പരീക്ഷയും.
2. ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളുടെ എഴുത്തുപരീക്ഷയുടെയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 80:20 എന്ന അനുപാതത്തിലായിരിക്കും.
3. തുടർമൂല്യനിർണ്ണയം, പ്രാക്ടിക്കൽ എന്നിവയുടെ അനുപാതം കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ലാബ് 20:100 എന്ന ക്രമത്തിലും ഇലക്ട്രോണിക്സ് ലാബ് 30:150 എന്ന ക്രമത്തിലുമായിരിക്കും.
4. മലയാളം, ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളുടെ എഴുത്തുപരീക്ഷയുടെയും തുടർമൂല്യനിർണ്ണയത്തിന്റെയും സ്കോർ 40:10 എന്ന അനുപാതത്തിലായിരിക്കും.
5. കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രിക്കൽ ടെക്നോളജി, ഇലക്ട്രോണിക്സ് ട്രേഡ് തിയറി എന്നീ വിഷയങ്ങളുടെ എഴുത്തുപരീക്ഷയുടെയും തുടർ മൂല്യനിർണ്ണയത്തിന്റെയും സ്കോർ 50:10 എന്ന അനുപാതത്തിലായിരിക്കും.
6. 80 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 40 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1½ മണിക്കൂറും, 50 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2 മണിക്കൂറുമാണ് പരീക്ഷാസമയം.

7. സ്കൂൾ ലീവിംങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. ഗ്രേഡിംഗ് 9 പോയിന്റ് സ്കെയിലിൽ ആണ് നടപ്പിലാക്കുന്നത്.

**ഗ്രേഡിംഗ് സ്കെയിൽ**

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D+ | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

2026 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി (ഗവ.) പരീക്ഷയുമായി ബന്ധപ്പെട്ട 14 ട്രേഡുകളും അവയുടെ പേരുകളും ചുവടെ ചേർക്കുന്നു.

| Sl.No. | Name of Trade |
|---|---|
| 1) | Fitting |
| 2) | Welding |
| 3) | Turning |
| 4) | Electrical Wiring & Maintenance of Domestic Appliances |
| 5) | Electro Plating |
| 6) | Electronics |
| 7) | Surveying |
| 8) | Printing |
| 9) | Refrigeration& Air conditioning |
| 10) | Plumbing |
| 11) | Agriculture |
| 12) | Civil Construction Technology |
| 13) | Automobile |
| 14) | Polymer Technology |

സൂചന (2) പ്രകാരം താഴെപറയുന്ന ട്രേഡുകളുടെ പേരുകളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

| Sl. No. | Present Name | Modified as per GO (RT) No. 591/2024/ HEDN, Thiruvananthapuram Dated 27/05/2024 |
|---|---|---|
| 1) | Masonery & Concrete Work | Civil Construction Technology |
| 2) | Rubber Technology | Polymer Technology |
| 3) | Motor Mechanic | 3 & 4 Amalgamated to Auto Mobile |
| 4) | Maintenance of 2 and 3 wheelers | |

**പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ താഴെ കാണും പ്രകാരമായിരിക്കും.ടി.എച്ച്.എസ്.എൽ.സി (സർക്കാർ സ്കൂളുകൾ)**

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ (റ്റി.ഇ) | പ്രാക്ടിക്കൽ പരീക്ഷ | ആകെ | സമയം (മണിക്കൂറിൽ) |
| 1 | മലയാളം | 10 | 40 | | 50 | 1 ½ |
| 2 | ഇംഗ്ലീഷ് | 20 | 80 | | 100 | 2 ½ |
| 3 | ഗണിതശാസ്ത്രം | 20 | 80 | | 100 | 2 ½ |
| 4 | ഊർജ്ജതന്ത്രം | 10 | 40 | | 50 | 1 ½ |
| 5 | രസതന്ത്രം | 10 | 40 | | 50 | 1 ½ |
| 6 | സോഷ്യൽ സയൻസ് | 20 | 80 | | 100 | 2 ½ |
| 7 | ജനറൽ എഞ്ചിനിയറിംഗ് II | 10 | 40 | | 50 | 1 ½ |
| 8 | എഞ്ചിനിയറിംഗ് ഡ്രോയിംഗ് III | 20 | 80 | | 100 | 3 |
| 9 | ട്രേഡ് തിയറി | 10 | 40 | | 50 | 1 ½ |
| 10 | വർക്ക്ഷോപ്പ് പ്രാക്ടീസ് | 50 | - | 100 | 150 | 3 |
| 11 | ഇൻഫർമേഷൻ ടെക്നോളജി | 10 | 10 | 30 | 50 | 1 |
| | ആകെ മാർക്ക് | 190 | 530 | 130 | 850 | |

ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹത നേടുന്നതിന് വർക്ക്ഷോപ്പ് പ്രാക്ടീസിന് കുറഞ്ഞത് 'C+' ഗ്രേഡും മറ്റ് ഓരോ പേപ്പറിനും തുടർമൂല്യനിർണ്ണയത്തിന്റെ (സി.ഇ) സ്കോറും എഴുത്തുപരീക്ഷയുടെ (റ്റി.ഇ) സ്കോറും ചേർത്ത് കണക്കാക്കുമ്പോൾ D+ ഗ്രേഡും നേടിയിരിക്കണം.

## ടി.എച്ച്.എസ്.എൽ.സി (ഐ.എച്ച്.ആർ.ഡി) (പുതിയ സ്കീം)

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി. ഇ | എഴുത്തു പരീക്ഷ (റ്റി.ഇ) | പ്രാക്ടിക്കൽ പരീക്ഷ | ആകെ | സമയം (മണിക്കൂറിൽ) |
| 1 | മലയാളം | 10 | 40 | | 50 | 1 ½ |
| 2 | ഇംഗ്ലീഷ് | 20 | 80 | | 100 | 2 ½ |
| 3 | സോഷ്യൽ സയൻസ് | 20 | 80 | | 100 | 2 ½ |
| 4 | ഗണിതശാസ്ത്രം | 20 | 80 | | 100 | 2 ½ |
| 5 | ഊർജ്ജതന്ത്രം | 10 | 40 | | 50 | 1 ½ |
| 6 | രസതന്ത്രം | 10 | 40 | | 50 | 1 ½ |
| 7 | ജീവശാസ്ത്രം | 10 | 40 | | 50 | 1 ½ |
| 8 | കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി | 10 | 50 | | 60 | 2 |
| 9 | ഇലക്ട്രിക്കൽ ടെക്നോളജി | 10 | 50 | | 60 | 2 |
| 10 | ഇലക്ട്രോണിക്സ് ട്രേഡ് തിയറി | 10 | 50 | | 60 | 2 |
| 11 | കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ലാബ് | 20 | - | 100 | 120 | 2 ½ |
| 12 | ഇലക്ട്രോണിക്സ് ലാബ് | 30 | - | 150 | 180 | 3 |
| | ആകെ മാർക്ക് | 180 | 550 | 250 | 980 | |

## ടി.എച്ച്.എസ്.എൽ.സി (ഐ.എച്ച്.ആർ.ഡി) (പഴയ സ്കീം)

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി.ഇ | എഴുത്തു പരീക്ഷ (റ്റി.ഇ) | പ്രാക്ടിക്കൽ പരീക്ഷ | ആകെ | സമയം (മണിക്കൂറിൽ) |
| 1 | മലയാളം | 10 | 40 | | 50 | 1 ½ |
| 2 | ഇംഗ്ലീഷ് | 20 | 80 | | 100 | 2 ½ |
| 3 | സോഷ്യൽ സയൻസ് | 20 | 80 | | 100 | 2 ½ |
| 4 | ഗണിതശാസ്ത്രം | 20 | 80 | | 100 | 2 ½ |
| 5 | ഊർജ്ജതന്ത്രം | 10 | 40 | | 50 | 1 ½ |
| 6 | രസതന്ത്രം | 10 | 40 | | 50 | 1 ½ |
| 7 | ജീവശാസ്ത്രം | 10 | 40 | | 50 | 1 ½ |
| 8 | കമ്പ്യൂട്ടർ സയൻസ് & ഐ.റ്റി | 10 | 40 | | 50 | 1 ½ |
| 9 | കമ്പ്യൂട്ടർ സയൻസ് & ഐ.റ്റി ലാബ് | 20 | - | 100 | 120 | 2 ½ |
| 10 | ഇലക്ട്രിക്കൽ ടെക്നോളജി | 10 | 40 | | 50 | 1 ½ |
| 11 | ഇലക്ട്രോണിക്സ്- ട്രേഡ് തിയറി | 10 | 40 | | 50 | 1 ½ |
| 12 | ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക് ലാബ് | 30 | - | 150 | 180 | 3 |
| | ആകെ മാർക്ക് | 180 | 520 | 250 | 950 | |

ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടുന്നതിന് കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ലാബ് വിഷയത്തിനും ഇലക്ട്രോണിക്സ് ലാബ് വിഷയത്തിനും കുറഞ്ഞത് 'C+' ഗ്രേഡും മറ്റ് ഓരോ പേപ്പറിനും 'D+' ഗ്രേഡും നേടിയിരിക്കണം.

2. പരീക്ഷാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹൈസ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ കോഡ് | സെന്റർ കോഡ് | പരീക്ഷാകേന്ദ്രം | വിദ്യാഭ്യാസ ജില്ല |
|---|---|---|---|---|
| 1 | 11501 | 11501 | ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽ പൂത്തൂർ, ബെദ്രഡുക പി.ഒ | കാസർഗോഡ് |
| 2 | 12501 | 12501 | ടെക്നിക്കൽ ഹൈസ്കൂൾ, ചെറുവത്തൂർ, ചെറുവത്തൂർ പി.ഒ | കാഞ്ഞങ്ങാട് |
| 3 | 13501 | 13501 | ടെക്നിക്കൽ ഹൈസ്കൂൾ, കണ്ണൂർ, തോട്ടട പി.ഒ | കണ്ണൂർ |
| 4 | 49501 | 49501 | ടെക്നിക്കൽ ഹൈസ്കൂൾ, നേരുവമ്പ്രം, പഴയങ്ങാടി പി.ഒ | തളിപറമ്പ |
| 5 | 49502 | 49502 | ടെക്നിക്കൽ ഹൈസ്കൂൾ, നടുവിൽ, നടുവിൽ പി.ഒ | തളിപറമ്പ |
| 6 | 15501 | 15501 | ടെക്നിക്കൽ ഹൈസ്കൂൾ, സുൽത്താൻ ബത്തേരി, സുൽത്താൻ ബത്തേരി പി.ഒ | വയനാട് |
| 7 | 15502 | 15502 | ടെക്നിക്കൽ ഹൈസ്കൂൾ, മാനന്തവാടി, നല്ലൂർനാട് പി.ഒ | വയനാട് |
| 8 | 16501 | 16501 | ടെക്നിക്കൽ ഹൈസ്കൂൾ വടകര, നട്ട് സ്ട്രീറ്റ് പി.ഒ | വടകര |
| 9 | 16502 | 16502 | ടെക്നിക്കൽ ഹൈസ്കൂൾ പയ്യോളി, അയനിക്കാട് പി.ഒ | വടകര |
| 10 | 17501 | 17501 | ടെക്നിക്കൽ ഹൈസ്കൂൾ കോഴിക്കോട്, വെസ്റ്റ് ഹിൽ പി.ഒ | കോഴിക്കോട് |
| 11 | 18501 | 18501 | ടെക്നിക്കൽ ഹൈസ്കൂൾ മഞ്ചേരി, കരുവമ്പ്രം വെസ്റ്റ് പി.ഒ | മലപ്പുറം |
| 12 | 19501 | 19501 | കൊക്കൂർ ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, കൊക്കൂർ പി.ഒ | തിരൂർ |
| 13 | 19502 | 19502 | ടെക്നിക്കൽ ഹൈസ്കൂൾ കുറ്റിപ്പുറം, കുറ്റിപ്പുറം പി.ഒ | തിരൂർ |
| 14 | 20501 | 20501 | ടെക്നിക്കൽ ഹൈസ്കൂൾ ഷൊർണൂർ, ഗവ.പ്രസ്സ് പി.ഒ | ഒറ്റപ്പാലം |
| 15 | 21501 | 21501 | ടെക്നിക്കൽ ഹൈസ്കൂൾ ചിറ്റൂർ, പാലക്കാട് | പാലക്കാട് |
| 16 | 21502 | 21502 | ടെക്നിക്കൽ ഹൈസ്കൂൾ പാലക്കാട്, മരുതറോഡ് പി.ഒ | പാലക്കാട് |
| 17 | 22501 | 22501 | ടെക്നിക്കൽ ഹൈസ്കൂൾ തൃശ്ശൂർ, സിറ്റി പോസ്റ്റ് ഓഫീസ് | തൃശ്ശൂർ |
| 18 | 23501 | 23501 | ടെക്നിക്കൽ ഹൈസ്കൂൾ കൊടുങ്ങല്ലൂർ, തെക്കേമുറി പി.ഒ | ഇരിങ്ങാലക്കുട |
| 19 | 26501 | 26501 | ടെക്നിക്കൽ ഹൈസ്കൂൾ മുളന്തുരുത്തി | എറണാകുളം |

| | | | | |
|---|---|---|---|---|
| 20 | 27501 | 27501 | ടെക്നിക്കൽ ഹൈസ്കൂൾ വാരപ്പെട്ടി, കോഴിപ്പിള്ളി പി.ഒ | കോതമംഗലം |
| 21 | 28501 | 28501 | ടെക്നിക്കൽ ഹൈസ്കൂൾ ഇലഞ്ഞി, കൂത്താട്ടുകുളം | മൂവാറ്റുപുഴ |
| 22 | 28502 | 28502 | ടെക്നിക്കൽ ഹൈസ്കൂൾ അയവന | മൂവാറ്റുപുഴ |
| 23 | 29501 | 29501 | ടെക്നിക്കൽ ഹൈസ്കൂൾ അടിമാലി | തൊടുപുഴ |
| 24 | 29502 | 29502 | ടെക്നിക്കൽ ഹൈസ്കൂൾ വണ്ണാപുരം, തൊടുപുഴ, തൊടുപുഴ ഈസ്റ്റ് പി.ഒ | തൊടുപുഴ |
| 25 | 29503 | 29503 | ടെക്നിക്കൽ ഹൈസ്കൂൾ പുറപ്പുഴ, പുറപ്പുഴ പി.ഒ | തൊടുപുഴ |
| 26 | 31501 | 31501 | ടെക്നിക്കൽ ഹൈസ്കൂൾ പാലാ, പുലിയന്നൂർ പി.ഒ | പാലാ |
| 27 | 31502 | 31502 | ടെക്നിക്കൽ ഹൈസ്കൂൾ കടപ്ലാമറ്റം | കടുത്തുരുത്തി |
| 28 | 32501 | 32501 | ടെക്നിക്കൽ ഹൈസ്കൂൾ തീക്കോയ്, ഈരാറ്റുപേട്ട | കാഞ്ഞിരപ്പള്ളി |
| 29 | 32502 | 32502 | ടെക്നിക്കൽ ഹൈസ്കൂൾ കാഞ്ഞിരപ്പള്ളി, കാഞ്ഞിരപ്പള്ളി പി.ഒ | കാഞ്ഞിരപ്പള്ളി |
| 30 | 33501 | 33501 | ടെക്നിക്കൽ ഹൈസ്കൂൾ പാമ്പാടി വെള്ളൂർ പി.ഒ | കോട്ടയം |
| 31 | 33502 | 33502 | ടെക്നിക്കൽ ഹൈസ്കൂൾ കുറിച്ചി, ഇത്തിത്താനം പി.ഒ | കോട്ടയം |
| 32 | 35501 | 35501 | ടെക്നിക്കൽ ഹൈസ്കൂൾ ഹരിപ്പാട്, ഹരിപ്പാട് പി.ഒ | ആലപ്പുഴ |
| 33 | 35502 | 35502 | ടെക്നിക്കൽ ഹൈസ്കൂൾ കാവാലം, കാവാലം നോർത്ത് പി.ഒ | കുട്ടനാട് |
| 34 | 36501 | 36501 | ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം, കൃഷ്ണപുരം പി.ഒ | മാവേലിക്കര |
| 35 | 39501 | 39501 | ടെക്നിക്കൽ ഹൈസ്കൂൾ എഴുകോൺ, എഴുകോൺ പി.ഒ | കൊട്ടാരക്കര |
| 36 | 40501 | 40501 | സാം ഉമ്മൻ മെമ്മോറിയൽ ഗവ.ടെക്നിക്കൽ ഹൈസ്കൂൾ കുളത്തൂപ്പുഴ | പുനലൂർ |
| 37 | 42501 | 42501 | ടെക്നിക്കൽ ഹൈസ്കൂൾ നെടുമങ്ങാട്, മഞ്ച പി.ഒ | ആറ്റിങ്ങൽ |
| 38 | 43501 | 43501 | ടെക്നിക്കൽ ഹൈസ്കൂൾ ഉള്ളൂർ, ശ്രീകാര്യം പി.ഒ | തിരുവനന്തപുരം |
| 39 | 44501 | 44501 | ടെക്നിക്കൽ ഹൈസ്കൂൾ കുളത്തൂർ, ഉച്ചക്കട പി.ഒ | നെയ്യാറ്റിൻകര |

**ടെക്നിക്കൽ എച്ച്.എസ്.എസ്- ഐ.എച്ച്.ആർ.ഡി**

| ക്രമ നമ്പർ | സ്കൂൾ കോഡ് | സെന്റർ കോഡ് | പരീക്ഷാകേന്ദ്രം | വിദ്യാഭ്യാസ ജില്ല |
|---|---|---|---|---|
| 40 | 18502 | 18502 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, വാഴക്കാട് | മലപ്പുറം |
| 41 | 18503 | 18503 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, പെരിന്തൽമണ്ണ | മലപ്പുറം |

| | | | | |
|---|---|---|---|---|
| 42 | 19503 | 19503 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടംകുളം | തിരൂർ |
| 43 | 25501 | 25501 | മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, കപ്രാശ്ശേരി | ആലുവ |
| 44 | 26502 | 26502 | മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, കലൂർ,കൊച്ചി | എറണാകുളം |
| 45 | 29504 | 29504 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മുട്ടം | തൊടുപുഴ |
| 46 | 30501 | 30501 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, കുട്ടിക്കാനം, പീരുമേട് | കട്ടപ്പന |
| 47 | 33503 | 33503 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, പുതുപ്പള്ളി | കോട്ടയം |
| 48 | 37501 | 37501 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി | തിരുവല്ല |

3. പരീക്ഷാകേന്ദ്രങ്ങളായ ടെക്നിക്കൽ ഹൈസ്ക്കൂളുകളിലെ സൂപ്രണ്ട്/പ്രിൻസിപ്പാൾ അതാത് പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാരായിക്കും. 31/03/2026-ന് വിരമിക്കുന്ന സൂപ്രണ്ട്/പ്രിൻസിപ്പാൾ എന്നിവരെ ചീഫ് സൂപ്രണ്ട് ആയി നിയമിക്കുന്നതല്ല.

## 4. പരീക്ഷാർത്ഥികൾ ഉൾപ്പെടുന്ന വിഭാഗങ്ങൾ

### 1. റഗുലർ കാൻഡിഡേറ്റ്സ് (SGC)

2025-2026 അധ്യയന വർഷത്തിൽ, മേൽ പരാമർശം സ്കൂളുകളിൽ അംഗീകൃത സിലബസിൽ നിശ്ചിത കോഴ്സ് പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ കാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്. റഗുലർ കാൻഡിഡേറ്റസ് 01-06-2025-ന് 14 വയസ്സ് പൂർത്തീകരിച്ചവരായിരിക്കണം.

### 2. ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT)

(അപേക്ഷയുടെ മാതൃക-അനുബന്ധം എ)

കംപാർട്ടുമെന്റലായും ഫുൾ കോഴ്സായും പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്ക് പരീക്ഷാഫലം മെച്ചപ്പെടുത്തുവാൻ ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് വിഭാഗത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

(1) ഫലം മെച്ചപ്പെടുത്തുന്നതിനായി ഒരവസരം മാത്രമേ അനുവദിക്കുകയുള്ളൂ.
(2) പരീക്ഷ വിജയിച്ച് മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടുത്തുന്നതിനായി പരീക്ഷ എഴുതേണ്ടതാണ്.
(3) ഈ കാലയളവിൽ മറ്റൊരു ഉയർന്ന യോഗ്യതയും നേടിയിരിക്കാൻ പാടുള്ളതല്ല.
(4) ട്രേഡ് തിയറി, വർക്ക്ഷോപ്പ് പ്രാക്ടീസ് ഉൾപ്പെടെ എല്ലാ വിഷയങ്ങൾക്കും പരീക്ഷ എഴുതേണ്ടതാണ്.

### 3. അറ്റൻഡൻസ് റീക്വയേർഡ് കാൻഡിഡേറ്റ്സ് (ARC)

(അപേക്ഷയുടെ മാതൃക - അനുബന്ധം എ)

2024-2025 അധ്യയന വർഷത്തിൽ ടി.എച്ച്.എസ്.എൽ.സി സ്റ്റാൻഡേർഡ് X-ലെ തുടർമൂല്യനിർണ്ണയം പൂർത്തീകരിച്ചതും എന്നാൽ ഹാജറിന്റെ കുറവുമൂലം പൊതു പരീക്ഷ എഴുതാൻ കഴിയാതെപോവുകയും ചെയ്ത വിദ്യാർത്ഥികൾ ***ഈ അധ്യയനവർഷം ആ സ്കൂളിൽ പുനഃപ്രവേശനം നേടി അറ്റൻഡൻസ് റീക്വയേർഡ്***

***കാൻഡിഡേറ്റ് വിഭാഗത്തിൽ 2026 മാർച്ചിൽ പുതിയ സിലബസിൽ പരീക്ഷ എഴുതാവുന്നതാണ്.***

4. **<u>കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സ് (CCC)</u>**

2024-2025 അധ്യയന വർഷത്തിൽ ടി.എച്ച്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ ലിസ്റ്റ്'- ൽ ഉൾപ്പെട്ട് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ നേടിയിരുന്നെങ്കിലും അസുഖം മൂലമോ സാധുവായ മറ്റ് കാരണത്താലോ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം അതേ സ്കൂളിൽ 'കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ്' എന്ന വിഭാഗത്തിൽ 2024-25 വർഷം നിലവിലുണ്ടായിരുന്ന സിലബസിൽ പരീക്ഷ എഴുതാവുന്നതാണ്.

- CCC, BT കാൻഡിഡേറ്റ്സ് 2024-25 വർഷം നിലവിലുണ്ടായിരുന്ന പഴയ സിലബസിലാണ് പരീക്ഷയെഴുതേണ്ടത്.
- ARC വിഭാഗത്തിലുൾപ്പെടുന്ന പരീക്ഷാർത്ഥികൾ പുതിയ സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.

***അഡീഷണൽ ഇംഗ്ലീഷ്, സ്പെഷ്യൽ ഇംഗ്ലീഷ്, ജനറൽ നോളഡ്ജ് എന്നീ വിഷയങ്ങൾക്ക് കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.***

5. **(a) <u>പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം (PCO)</u>**

ടി.എച്ച്.എസ്.എൽ.സി പരീക്ഷ 2020-21 അദ്ധ്യായന വർഷം മുതൽ 2024-25 അദ്ധ്യായന വർഷം വരെ പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം (PCO) വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

**(b) <u>പ്രൈവറ്റ് കാൻഡിഡേറ്റ്സ് ന്യൂ സ്കീം (PCN)</u>**

***ടി.എച്ച്.എസ്.എൽ.സി 2026 മാർച്ചിൽ പുതിയ സിലബസിൽ ആദ്യമായി പരീക്ഷ നടക്കുന്നതിനാൽ പി.സി.എൻ വിഭാഗം ഉണ്ടായിരിക്കുന്നതല്ല***

**പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയും (അനുബന്ധം എ), പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റും (അനുബന്ധം എ1) മുൻ അവസരങ്ങളിലെ ഒറിജിനൽ ടി.എച്ച്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളും പരീക്ഷാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.**

**പ്രൈവറ്റ് വിദ്യാർത്ഥികളെ (PCO) സംബന്ധിച്ചിടത്തോളം അവർ ആദ്യമായി റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷ എഴുതിയ സ്കൂൾ മുഖാന്തിരമാണ് പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് മുൻകൂട്ടി വാങ്ങേണ്ടതാണ്.**

6. **<u>പ്രാക്ടിക്കൽ പരീക്ഷകൾ</u>**

**1. ഐ.റ്റി. പ്രാക്ടിക്കൽ പരീക്ഷ**

ഐ.റ്റി പ്രാക്ടിക്കൽ പരീക്ഷയുടെ സ്കോർ റഗുലർ വിദ്യാർത്ഥികൾക്ക് പരമാവധി 30 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതിൽ 28 സ്കോർ ഇൻഫർമേഷൻ ടെക്നോളജിയിലുള്ള കഴിവിനും 2 സ്കോർ ഐ.റ്റി പ്രാക്ടിക്കൽ വർക്ക് ബുക്കിന് വേണ്ടിയും നീക്കി വെച്ചിരിക്കുന്നു. സോഫ്റ്റ് വെയറിന്റെ സഹായത്തോടെ

നടത്തുന്ന 28 സ്കോറിനുള്ള പരീക്ഷയുടെ ഉത്തരങ്ങൾ ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. അദ്ധ്യാപകരുടെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക് ബുക്കിന് (പരമാവധി 2 സ്കോർ) ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കും. പ്രൈവറ്റ് വിദ്യാർത്ഥികളുടെ ഐ.റ്റി പ്രാക്ടിക്കൽ പരീക്ഷ, എഴുത്തു പരീക്ഷ തുടങ്ങുന്നതിന് മുൻപ് നടത്തുന്നതായിരിക്കും.

- **ഐ.റ്റി പരീക്ഷകൾക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.**

2. **ട്രേഡ് വിഷയങ്ങൾക്കുള്ള പ്രാക്ടിക്കൽ പരീക്ഷ**

ട്രേഡ് വിഷയങ്ങളിലെ പ്രാക്ടിക്കൽ പരീക്ഷ എഴുത്തുപരീക്ഷയ്ക്ക് ശേഷമായിരിക്കും നടത്തുന്നത്. പരീക്ഷാർത്ഥികൾ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാരിൽ നിന്നും പ്രാക്ടിക്കൽ പരീക്ഷയുടെ തീയതിയും സമയവും മുൻകൂട്ടി മനസ്സിലാക്കേണ്ടതാണ്.

## ടി.എച്ച്.എസ്.എൽ.സി പരീക്ഷ മാർച്ച് 2026 സമയവിവരപ്പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 05/03/2026 | വ്യാഴം | രാവിലെ 9.30 മുതൽ 11.15 വരെ | മലയാളം/കന്നട |
| 09/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | ഇംഗ്ലീഷ് |
| 11/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | ട്രേഡ് തീയറി (14 വിഭാഗങ്ങൾ അനക്സർ ഇ) |
| | | രാവിലെ 9.30 മുതൽ 11.45 വരെ | ഇലക്ട്രോണിക്സ് ട്രേഡ് തിയറി (IHRD) |
| 13/03/2026 | വെള്ളി | രാവിലെ 9.30 മുതൽ 11.15 വരെ | ജനറൽ എഞ്ചിനിയറിംഗ് (II) |
| | | രാവിലെ 9.30 മുതൽ 11.45 വരെ | ഇലക്ട്രിക്കൽ ടെക്നോളജി (IHRD) |
| 16/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | ഗണിത ശാസ്ത്രം |
| 18/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | ഊർജ്ജതന്ത്രം |
| 23/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | സോഷ്യൽ സയൻസ് |
| 25/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | രസതന്ത്രം |
| 27/03/2026 | വെള്ളി | രാവിലെ 9.30 മുതൽ 12.45 വരെ | എഞ്ചിനിയറിംഗ് ഡ്രോയിംഗ് (III) |
| | | രാവിലെ 9.30 മുതൽ 11.45 വരെ | കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി (IHRD) |
| 30/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.15 വരെ | ജീവശാസ്ത്രം (IHRD) |
| **I.T പ്രാക്ടിക്കൽ പരീക്ഷ 01.02.2026 മുതൽ 14.02.2026 വരെ** | | | |

## കുറിപ്പ്

**പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കി ടി.എച്ച്.എസ്.എൽ.സി. പരീക്ഷയുടെ സമയക്രമത്തിൽ മാറ്റം ഉണ്ടാകാവുന്നതാണ്.**

## പ്രത്യേക ശ്രദ്ധയ്ക്ക്

1. **അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.**
2. **പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.**
3. **പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.**
4. **എല്ലാ പരീക്ഷകൾക്കും ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും (Cool off Time).**

### 7. പരീക്ഷാഫീസ്

| | | രൂപ |
|---|---|---|
| (1) സ്കൂൾ ഗോയിംഗ് (റഗുലർ)/ARC വിഭാഗങ്ങൾ | - | 30.00 |
| (2) പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | - | 20.00 |
| (3) താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | - | 10.00 |
| (4) ബറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | - | 200.00 |

പരീക്ഷാഫീസ് നിശ്ചിത തീയതിയ്ക്കുള്ളിൽ **"0202-01-102-99- Examination Fees"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

### 8. പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ

ഗവൺമെന്റ്/എയ്ഡഡ് ടെക്നിക്കൽ സ്കൂളുകളിൽ നിന്നും നിശ്ചിത കോഴ്സ് പൂർത്തിയാക്കി റഗുലർ (SGC) ആയി പരീക്ഷ എഴുതുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അവസാന വർഷ വിദ്യാർത്ഥികളെ ഒന്നാം അവസരമായി പരീക്ഷ എഴുതുന്നതിന് പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു (G.O.(Rt) 3668/2001/G.Edn dated 03/10/2001). അറ്റൻഡൻസ് റീകൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC), ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT), കാൻഡിഡേച്ചർ ക്യാൻസൽഡ് കാൻഡിഡേറ്റ്സ് (CCC) എന്നീ വിഭാഗത്തിൽപ്പെടു - ന്നവർക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കുകയില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) ആയ വിദ്യാർത്ഥികൾ ടെക്നിക്കൽ ഹൈസ്കൂൾ കോഴ്സ് പൂർത്തീകരിച്ച തീയതി മുതൽ 3 വർഷത്തിനുള്ളിൽ പരീക്ഷ എഴുതുന്ന 2 അവസരങ്ങൾക്ക് ഫീസ് ഒടുക്കേണ്ടതില്ല (G.O.(MS) 32/74/G.Edn dated 18/02/1974).

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ 5 വർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (GO.(Rt).680/1981/G.Edn dated 25/02/1981).

പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ പരീക്ഷാഫീസ് സ്വന്തം പേരിൽ ചെലാൻ മുഖാന്തിരം ട്രഷറിയിൽ **"0202-01-102-99 Examination Fees"** എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും ഒറിജിനൽ ചലാൻ അപേക്ഷയോടൊപ്പം പരീക്ഷാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**9. ടി.എച്ച്.എസ്.എൽ.സി കാർഡിന്റെ വില**

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും (റഗുലർ/പ്രൈവറ്റ്) ടി.എച്ച്.എസ്.എൽ.സി കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. സ്കൂൾ മേധാവി കാർഡിന്റെ വില ശേഖരിച്ച് **"0202-01-102-92-അദർ റസീപ്റ്റ്സ്"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

**10. ഒരു കാരണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ ചെക്കായോ മണി ഓർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ ഓഫീസിലേക്ക് അയക്കുവാൻ പാടുള്ളതല്ല. പരീക്ഷാ കേന്ദ്രത്തിലെ സ്ഥാപനമേധാവി മുഖാന്തിരം മാത്രമേ പരീക്ഷാ ഫീസ് അടയ്ക്കുവാൻ പാടുള്ളൂ.** ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ഇല്ല.

**11. പരീക്ഷാഫീസ് ഒടുക്കേണ്ടതും കാൻഡിഡേറ്റ് ലിസ്റ്റ് സമർപ്പിക്കേണ്ടതുമായ തീയതികൾ**

| | | | |
|---|---|---|---|
| (എ) | അപേക്ഷയും പരീക്ഷാഫീസും പിഴ കൂടാതെ സ്വീകരിക്കേണ്ട തീയതികൾ | : | 12/11/2025 മുതൽ 19/11/2025 വരെ |
| (ബി) | 19/11/2025 വരെ ലഭിച്ച പരീക്ഷാ ഫീസുകൾ ഖജനാവിൽ (ട്രഷറിയിൽ) ഒടുക്കേണ്ട തീയതി | : | 21/11/2025 |
| (സി) | പിഴയോടുകൂടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതികൾ | : | 21/11/2025 മുതൽ 26/11/2025 വരെ |
| (ഡി) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ട തീയതി | : | 27/11/2025 |
| (ഇ) | ടി.എച്ച്.എസ്.എൽ.സി കാർഡിന്റെ തുക ഹെഡ്മാസ്റ്റർമാർ ഖജനാവിൽ അടക്കേണ്ട അവസാന തീയതി | : | 27/11/2025 |

**12.** പിരിച്ചെടുത്ത ഫീസുകൾ നിശ്ചയിച്ചിട്ടുള്ള തീയതികളിൽ തന്നെ ഖജനാവിൽ ഒടുക്കേണ്ടതാണ്. വൈകിയുള്ള പണം ഒടുക്കൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. തെറ്റായ ശീർഷകങ്ങളിൽ പണം ഒടുക്കുന്നതും, മുഴുവൻ തുക ഒടുക്കാതെ ഭാഗികമായി തുക അടയ്ക്കുന്നതും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

13. പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികൾ (കംപാർട്ട്മെന്റലായും/ഫുൾകോഴ്സായും) പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ (അനുബന്ധം-എ), ടി.എച്ച്.എസ്.എൽ.സി സർട്ടിഫിക്കറ്റ് (മുൻപ് എഴുതിയ എല്ലാ അവസരങ്ങളിലെയും), ഒറിജിനൽ ചെലാൻ സഹിതം ബന്ധപ്പെട്ട ടെക്നിക്കൽ സ്കൂൾ മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

റഗുലർ വിദ്യാർത്ഥികളുടെ വിവരങ്ങൾ iExaMS പോർട്ടലിൽ School login വഴി ലഭ്യമാക്കുന്നതാണ്. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുവാൻ അവസരം നൽകുന്നതാണ്.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷനും iExaMS വഴി സ്കൂൾ മേധാവികൾ ചെയ്യേണ്ടതാണ്. ഇതിനുള്ള സൗകര്യം iExaMS ൽ ലഭ്യമാക്കുന്നതാണ്.

രജിസ്ട്രേഷൻ നടപടികൾ iExaMS വഴി പൂർത്തീകരിച്ചശേഷം റഗുലർ, പ്രൈവറ്റ് വിദ്യാർത്ഥികളുടെ പ്രത്യേകം ലിസ്റ്റ്, ലോഗിൻ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ ലിസ്റ്റ് പരീക്ഷാഭവനിലേക്ക് അയയ്ക്കേണ്ടതില്ല.

**കുറിപ്പ്** :- iExaMS വഴിയുള്ള ഓൺലൈൻ പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളും ഷെഡ്യൂളും പ്രത്യേകമായി നൽകുന്നതാണ്.

## 14. <u>പൊതുനിർദ്ദേശങ്ങൾ</u>

**(1) <u>പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം</u>**

(i) സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ വിവരങ്ങളും ഫോട്ടോയും 'സമ്പൂർണ്ണ' യിൽ നിന്നും iExaMS സോഫ്റ്റ് വെയർ മുഖാന്തിരം ശേഖരിക്കുന്നതാണ്. സ്കൂൾ ഗോയിംഗ് വിഭാഗത്തിലെ കുട്ടികളുടെ വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. തിരുത്തലുകൾ പൂർത്തീകരിച്ചശേഷം സ്കൂൾ മേധാവി list confirm ചെയ്യേണ്ടതും വിദ്യാർത്ഥികളുടെ ഫൈനൽ ലിസ്റ്റ് പ്രിന്റ് എടുക്കേണ്ടതുമാണ്.

(ii) **<u>പ്രൈവറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് സ്വീകരിക്കുമ്പോൾ അവരുടെ ടി.എച്ച്.എസ്.എൽ.സി കാർഡിൽ തിരുത്തലുകളോ ക്രമക്കേടുകളോ നടന്നിട്ടില്ലെന്നും അപേക്ഷകളിൽ അവർ മുമ്പ് എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ (മുൻവർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പറും പരീക്ഷാകേന്ദ്രവും) രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്കൂൾ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.</u>** അപേക്ഷയോടൊപ്പം ടി.എച്ച്.എസ്.എൽ.സി കാർഡ് പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതും പുതിയ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ പഴയ കാർഡ് സഹിതം പരീക്ഷാർത്ഥികൾക്ക് തിരികെ നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിലേക്ക് അയയ്ക്കുവാൻ പാടില്ല.

(iii) പ്രൈവറ്റ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർ ആദ്യമായി ടി.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂൾ മുഖാന്തിരമാണ് പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അനുവാദം മുൻകൂട്ടി വാങ്ങേണ്ടതാണ്.

(iv) ഒരേ പേരുള്ള ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ അഡ്മിഷൻ ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ ഇവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

15. പരീക്ഷയോട് അനുബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ്

1) പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണം കാറ്റഗറി തിരിച്ചുള്ള കണക്ക്.
2) പരീക്ഷാഫീസ് സ്വീകരിച്ചതും ട്രഷറിയിൽ ഒടുക്കിയതുമായ വിവരം.
3) ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് (അനുബന്ധം ഇ).

16. റഗുലർ വിദ്യാർത്ഥികളുടെ സി.ഇ (CE) മാർക്ക് ഓൺലൈനായി iExaMS-ൽ നിർദ്ദിഷ്ട തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

17. റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോയോടുകൂടിയ അഡ്മിഷൻ ടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. നിർദ്ദിഷ്ട തീയതി മുതൽ ചീഫ്

സൂപ്രണ്ടുമാർ അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്. പരീക്ഷാർത്ഥികളെ ഭാഷേതര വിഷയങ്ങളിൽ ഇംഗ്ലീഷിൽ മാത്രമേ ഉത്തരം എഴുതാൻ അനുവദിക്കുകയുള്ളു.

18. **ഗ്രേസ് മാർക്ക് ആനുകൂല്യം**

**പുതിയ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഗ്രേസ്മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.**

19. **ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും ഫോട്ടോകോപ്പിയും പുനർ മൂല്യനിർണ്ണയവും**

(1) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി ലഭിക്കുന്നതിനുള്ള അപേക്ഷ (അനുബന്ധം ബി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് പരീക്ഷ എഴുതിയ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഫീസായി ഒരു പേപ്പറിന് 200/- രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(2) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ (അനുബന്ധം ബി) ഓൺലൈൻ വഴി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് പരീക്ഷ എഴുതിയ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. സൂക്ഷ്മപരിശോധനയ്ക്ക് ഫീസായി ഒരു പേപ്പറിന് 50/- രൂപ ക്രമത്തിൽ ഒടുക്കേണ്ടതാണ്.

(3) ഉത്തരക്കടലാസുകൾ (തിയറി വിഷയങ്ങൾക്ക് മാത്രം) പുനർമൂല്യനിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷ (അനുബന്ധം ബി) ഓൺലൈൻ വഴി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് പരീക്ഷ എഴുതിയ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്. 'എ+' ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുതായി ലഭിച്ച ഗ്രേഡുകൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ മേധാവി മുഖാന്തിരം വിതരണം ചെയ്യുന്നതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ഫീസായി നൽകിയ തുക തിരികെ ലഭിക്കുന്നതാണ്.

(4) ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുവേണ്ടി സ്വീകരിക്കുന്ന ഫീസിൽ നിന്നും പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തുക തിരികെ നൽകിയതിനുശേഷം ബാക്കിയുള്ള തുക **"0202-01-102-92 അദർ റസീപ്റ്റ്സ്"** എന്ന ശീർഷകത്തിൽ ഒടുക്കി ചെലാന്റെ ഫോട്ടോകോപ്പിയും സ്റ്റേറ്റുമെന്റും പരീക്ഷാഭവനിലേക്ക് അയച്ചുതരേണ്ടതാണ്.

20. സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണയം എന്നിവയുടെ ഫീസ് പണമായി അപേക്ഷയോടൊപ്പം സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

21. പരീക്ഷാവേളയിൽ ഏതെങ്കിലും വിദ്യാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും പുറത്താക്കുകയും തുടർന്നുള്ള പരീക്ഷകൾ എഴുതാൻ അനുവദിക്കുന്നതുമല്ല. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, പരീക്ഷാ സമയത്ത് അന്യോന്യം

സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. പരീക്ഷാക്രമക്കേടിനെ തുടർന്ന് പരീക്ഷയിൽ നിന്നും പുറത്താക്കിയ വിദ്യാർത്ഥിയെ തുടർന്നുള്ള വർഷങ്ങളിലെ പരീക്ഷ എഴുതുന്നതിൽ നിന്നും നിശ്ചിത വർഷത്തേയ്ക്ക് വിലക്ക് കൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

22. വിജ്ഞാപനപ്രകാരം പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളും പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ അനുസരിക്കുന്നതാണെന്നുള്ള സത്യപ്രസ്താവന നൽകേണ്ടതാണ്.

## 23. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ് (ഫാറം അനുബന്ധം 'C'). അപേക്ഷ ഹാൾടിക്കറ്റ് വിതരണത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പായി ചീഫ് സൂപ്രണ്ടുമാർ iExaMS ൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനുള്ള **അപേക്ഷകൾ പരീക്ഷാഭവനിലേക്ക് അയയ്ക്കേണ്ടതില്ല. ഐ.ടി പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.**

### കുറിപ്പ്

ടി.എച്ച്.എസ്.എൽ.സി പരീക്ഷയെ സംബന്ധിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.

## 24. CWSN വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ

**പുതിയ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പരീക്ഷാനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.**

## 25. ടി.എച്ച്.എസ്.എൽ.സി.കാർഡുകളുടെ വിതരണം

(1) ഗ്രേഡ് രേഖപ്പെടുത്തിയ ടി.എച്ച്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട സ്കൂൾ മേധാവിക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി നൽകുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ ടി.എച്ച്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ മേധാവി സത്വരമായി ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതും വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) ടി.എച്ച്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് സ്കൂൾ മേധാവി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ടി.എച്ച്.എസ്.എൽ.സി കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ വിദ്യാർത്ഥിയുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്. സർട്ടിഫിക്കറ്റ് വിതരണം ഓൺലൈനായും രേഖപ്പെടുത്തേണ്ടതാണ്. ***കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി സ്കൂൾ മേധാവിയുടെ ഒപ്പ് കറുത്ത മഷിയിൽ തന്നെയാണ് പതിച്ചിരിക്കുന്നത് ഉറപ്പ് വരുത്തേണ്ടതാണ്.*** പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്ക് നൽകേണ്ടത്.

(3) തിരുത്തലുകൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ റിസൾട്ട് പ്രസിദ്ധീകരിച്ച് മൂന്ന് മാസത്തിനകം ബന്ധപ്പെട്ട രേഖകൾ സഹിതം പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

(4) സർട്ടിഫിക്കറ്റിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്.

***(5) ടി.എച്ച്.എസ്.എൽ.സി കാർഡുകൾ ലാമിനേറ്റ് ചെയ്യുവാനോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കാനോ പാടുള്ളതല്ല എന്ന വിവരം നിർബന്ധമായും പ്രഥമാധ്യാപകൻ പരീക്ഷാർത്ഥികളെ അറിയിക്കേണ്ടതാണ്.***

## 26. <u>സ്കോർ വിവരം അറിയുന്നതിന്</u>

പരീക്ഷാർത്ഥികൾക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയും 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷിച്ചാൽ, ചേരാനുദ്ദേശിക്കുന്ന സ്ഥാപനമേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചുകൊടുക്കുന്നതാണ്. ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അറിയിക്കുന്നതാണ്. ടി.എച്ച്.എസ്.എൽ.സി പത്താം തരം പരീക്ഷ എഴുതി രണ്ടു വർഷം കഴിഞ്ഞവർക്ക് 200 രൂപ ഡിമാന്റ് ഡ്രാഫ്റ്റ് അടച്ചാൽ ലഭിച്ച സ്കോർ അപേക്ഷകന് നേരിട്ട് നൽകുന്നതാണ്. സൂചന 7 - ലെ സർക്കാർ ഉത്തരവ് പ്രകാരം ടി.എച്ച്.എസ്.എൽ.സി ഫലം പ്രഖ്യാപിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം പരീക്ഷാ സെക്രട്ടറിയുടെ പേരിൽ 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാഭവനിൽ നേരിട്ടോ, പ്രഥമാധ്യാപകർ മുഖേനയോ അപേക്ഷ സമർപ്പിക്കുന്ന പരീക്ഷാർത്ഥികൾക്ക് മാർക്ക് വിവരം നൽകുന്നതാണ്.

## 27. <u>മൈഗ്രേഷൻ സർട്ടിഫിക്കറ്റ്</u>

ടി.എച്ച്.എസ്.എൽ.സി പരീക്ഷ പാസ്സായവർക്ക് മറ്റു സംസ്ഥാനങ്ങളിൽ തുടർ പഠനം നടത്തുന്നതിന് ആവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്ന് നൽകുന്നതാണ്. ഇതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ 50/- രൂപ ചെലാനും <u>**("0202-01-102-92 അദർ റസീപ്റ്റ്സ്")**</u> ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷിക്കേണ്ടതാണ്.

പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളും ഇപ്പോൾ നിലവിലുള്ളതും ഇതോടനുബന്ധിച്ച് പുറപ്പെടുവിക്കുന്നതുമായ പരീക്ഷയുടെ നിയമങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

പരീക്ഷാ കമ്മീഷണർ

OFFICE OF THE COMMISSIONER FOR GOVERNMENT EXA
PAREEKSHA BHAVAN
TRIVANDRUM-695012

## <u>അനുബന്ധം - എ</u>
## ടി.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2026
## അപേക്ഷാഫാറം [PVT/ARC/BT]

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. ആൺകുട്ടി/ പെൺകുട്ടി :
4. മേൽവിലാസം :
   ഫോൺ നമ്പർ
5. മതവും ജാതിയും :
6. ഫീസിളവിന് അർഹതയുണ്ടോ? എങ്കിൽ ഏത് വിഭാഗം :
7. ജനനത്തീയതി :
8. രക്ഷാകർത്താവിന്റെ പേര് :
9. പഠന മാധ്യമം :
10. പരീക്ഷ എഴുതുന്ന സ്കീം-Old :
11. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :
12. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :
13. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

14. മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ

| ക്രമ നം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |

15. ജയിച്ച എല്ലാ പേപ്പറുകളുടെയും വിവരങ്ങൾ

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വർഷം | വിഷയം | ലഭിച്ച ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

16. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ അപേക്ഷിക്കുന്നത് : അതേ / അല്ല

17. എ.ആർ.സി വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ ഈ വർഷം ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ? : ഉണ്ട് / ഇല്ല

18. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | ടി.എച്ച്.എസ്.എൽ സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| | | | | |

19. മറ്റു വിവരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ :

മേൽപറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്. മുൻ വർഷങ്ങളിൽ പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളിലെയും വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ഥലം:
തീയതി:

പരീക്ഷാർത്ഥിയുടെ ഒപ്പ്

**അനുബന്ധം - എ1**

## ടി.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2026
## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/പരീക്ഷാർത്ഥി പഠിച്ചിരുന്ന ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകർ/ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താവുന്നതാണ്)

ഫോട്ടോ
പതിക്കുക

തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഫോട്ടോയുടെ പുറത്ത് ഒപ്പിടേണ്ടതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല

1. പരീക്ഷാർത്ഥിയുടെ പേര് :

2. ജനനതീയതി :

3. പൂർണ്ണമായ മേൽവിലാസം :

4. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

5. പരീക്ഷാർത്ഥിയുടെ ഒപ്പ് :

(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ച് ഒപ്പ് ഇടേണ്ടതാകുന്നു)

2026 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി പരീക്ഷാർത്ഥിയായ.................................... ........................................................... ന്റെ/യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഓഫീസ് മുദ്ര

തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്

സ്ഥലം :

തീയതി :

അനുബന്ധം - ബി

## ടി.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2026

## അപേക്ഷാഫാറം (ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണ്ണയം)

1. രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :

3. മേൽവിലാസം :

   ഫോൺ നമ്പർ

4. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :

   സെന്റർ കോഡും

5. പഠന മാധ്യമം :

6. പരീക്ഷ പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | വിഷയം | ലഭിച്ച ഗ്രേഡ് | ഏതൊക്കെ വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട് (X ചിഹ്നം രേഖപ്പെടുത്തുക) | | | ഫീസ് ഒടുക്കിയത് |
|---|---|---|---|---|---|---|
| 1 | | | സൂക്ഷ്മ പരിശോധന (50/-രൂപ) | ഫോട്ടോ കോപ്പി (200/-രൂപ) | പുനർമൂല്യ നിർണ്ണയം (400/-രൂപ) | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |

7. പരീക്ഷാകേന്ദ്രത്തിൽ ഫീസ് ഒടുക്കിയതിന്റെ വിവരം

| രസീത് നമ്പർ | തീയതി | തുക | | | ആകെ |
|---|---|---|---|---|---|
| | | സൂക്ഷ്മ പരിശോധന | ഫോട്ടോകോപ്പി | പുനർമൂല്യ നിർണ്ണയം | |
| | | | | | |

സ്ഥലം :

തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

കുറിപ്പ്: നിശ്ചിത ഫീസ് പണമായി സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്.

അനുബന്ധം - സി

## ടി.എച്ച്.എസ്. എൽ. സി. പരീക്ഷ മാർച്ച് - 2026

### പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ

### (Application for Cancellation of Candidature)

1. സെന്റർ നമ്പർ [ ] 2. വിദ്യാഭ്യാസ ജില്ല [ ]
3. പരീക്ഷാർത്ഥിയുടെ പേര് :
4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :
5. സ്കൂളിന്റെ പേര് :
6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :
7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :
8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?
9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :
10. പരീക്ഷാർത്ഥി IT പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ?
11. മറ്റെന്തെങ്കിലും വിവരങ്ങൾ
12. രക്ഷാകർത്താവിന്റെ ഒപ്പ് :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്ഥലം :

തീയതി: സ്കൂൾ സീൽ **സ്കൂൾ മേധാവിയുടെ ഒപ്പ്**

**ANNEXURE - D**

## THSLC EXAMINATION -MARCH 2026

### CERTIFICATE TO CWSN FOR EXAMINATION CONCESSION ISSUED BY THE HEAD OF THE SCHOOL

Signature of the Candidate ................................................................................

I, hereby certify that Master/ Kumari ...................................................................... is a student of THSLC of ..................................................................................... School, whose signature is given above. He/ She is having .........................% I.Q and disability in ...............................................(category of disability) as per the certificate issued by Medical Board/ Physician in Psychiatry from a Government Hospital.

The following examination concessions are recommended for the candidate

1.

2.

3.

4.

5.

Place :
Date :

**Signature**
**Name & Designation of the Head of the institution**

Office Seal

Place :
Date :

**Countersigned**
**District Educational Officer**

Office Seal

ANNEXURE - E

**THSLC EXAMINATION - MARCH 2026**
**QUESTION PAPER STATEMENT**

Name of Centre :

Centre Code :

Phone No. :

Name of Educational District ......................................................................................

| PAPER | SUBJECTS | | No. OF QUESTION PAPERS REQUIRED | REMARKS |
|---|---|---|---|---|
| I | MALAYALAM | | | |
| II | ENGLISH | | | |
| III | SOCIAL SCIENCE/HUMANITIES (IHRD) | | | |
| IV | PHYSICS | | | |
| V | CHEMISTRY | | | |
| VI | MATHEMATICS | | | |
| VII | MECHANICAL ENGINEERING | | | |
| VIII | COMPUTER SCIENCE &IT | | | |
| IX | GENERAL ENGINEERING | | | |
| X | ELECTRICAL TECHNOLOGY II | | | |
| XI | ENGINEERING DRAWING III | | | |
| XII | BIOLOGY | | | |
| XIII | **TRADE THEORY (14 PAPERS SHOWN BELOW SEPARATELY)** | | | |
| | 1 | FITTING | | |
| | 2 | WELDING | | |
| | 3 | TURNING | | |
| | 4 | ELECTRICAL WIRING AND MAINTENANCE OF DOMESTIC APPLIANCE (EW & MDA) | | |
| | 5 | MAINTENANCE OF TWO WHEELERS & THREE WHEELERS (AUTOMOBILE) | | |
| | 6 | ELECTROPLATING | | |
| | 7 | ELECTRONICS | | |
| | 8 | SURVEYING | | |
| | 9 | POLYMER TECHNOLOGY | | |
| | 10 | PRINTING | | |
| | 11 | MOTOR MECHANIC (AUTOMOBILE) | | |
| | 12 | REFRIGERATION & AIR CONDITIONING | | |
| | 13 | PLUMBING | | |

| | | | | |
|---|---|---|---|---|
| | 14 | CIVIL CONSTRUCTION TECHNOLOGY | | |
| | 15 | AGRICULTURE | | |
| XIV | | ELECTRONICS II (TRADE THEORY) | | |
| XV | | IT | | |

**SIGNATURE OF SUPERINTENDENT / PRINCIPAL**

**(School Seal)**